(എ) കൊച്ചി ഡിസ്ട്രിക്ടിൽപ്പെട്ട മച്ചാട് റയിഞ്ചിലെ മലഞ്ചരക്ക് ലേല ക്കാരൻ ആരാണ്;

(ബി) ടി ലേലക്കാരനോ ആൾക്കാരോ പച്ച മരുന്നുകൾ പറിച്ചു വിറ്റ വരുന്ന സാധുസ്ത്രീകളെ ടൗണുകളിലും മറ്റും വച്ചു തടഞ്ഞുനിർത്തി അസഹ്യപ്പെ ടുത്തുന്നതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ശ്രീ. എ. പി. കുട്ടൻചെട്ടിയാർ, ചേലക്കര.

(ബി) ഫൻ ൪ ൦ നവമ്പർ ൨൨-ാംന്ത-യിലെ ഗോമതി പത്രത്തിൽ ഇ പ്രകാരം ഒരു ആരോപണമുണ്ടായിരുന്നു. അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് അറിയുന്നു. പച്ചമരുന്നുകൾ ഉൾപ്പടെയുള്ള മല ഞ്ചരക്കുകൾ ശേഖരിച്ചുകൊണ്ട് പോകുന്നതിനുള്ള അവകാശം കരാർ അനുസ രിച്ചു കൊടുക്കുകയാണ് പതിവ്. പച്ചമരുന്നുകൾ ശേഖരിക്കുന്നതിനും മറ്റും കരാറുകാരാണ് പാസുകൾ കൊടുക്കുന്നത്. കരാറിൽ പെട്ട വസ്തുവായതുകൊണ്ട് മറ്റുള്ളവർക്ക് പച്ചമരുന്നുകൾ യഥേഷ്ടം കാട്ടിൽനിന്നും ശേഖരിച്ചു കൊണ്ടുപോ കുവാൻ പാടുള്ളതല്ല.

SRI. T. K. KOSHI

*509 [36] **Sri. P. Gopalan:** Will the Hon'ble Minister for Education Labour and Civil Supplies be pleased to state.—

(*a*) whether the Goveenment is aware of any memorandum submitted before the States Ministry by Sri. T. K. Koshy (the ex-Director of Public Instruction) for reinstating him in service;

(*b*) whether the Government have received any instructions from States Ministry for reinstating him in the service?

Minister for Education, Food and Labour **(Sri. T. K. Narayana Pilai):**

(*a*) The Government have no information.

(*b*) No.

വിദ്യാർത്ഥി മർദ്ദനം

*൫൧൦. (൯൭) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കു മോ.—

(എ) ചിറ്റൂർ താലൂക്ക് അരണ്ടപ്പള്ളം പ്രൈമറി സ്കൂളിലെ വിദ്യാർത്ഥിക ളെ പുൺ ദേഹോപദ്രവം ഏല്പിച്ചതായി ആവലാതി കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) മാസപ്പടിയെ സസ്പെൻഡ് ചെയ്യുവാൻ കല്പന നല്കിയിട്ടുണ്ട്.

കാണിപ്പുറം ഭൂമികൾ

*൫൧൧. (൯൮) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യ ങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ:—

നെയ്യാറ്റിങ്കര താലൂക്കിലെ കാണിപ്പുറം ഭൂമികളിൽ കയ്യേറിയതിന് കഴി ഞ്ഞ അഞ്ചു വർഷമായി എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്, ഓരോ ആണ്ടിലുമെത്ര?

LIBRARY ARCHIVES Kerala Legislative Assembly